POLICE DEPARTMENT

KERALA

**No. G2-10777/2023/ID**
District Police Office,
Idukki
spidk.pol@kerala.gov.in
04862232354
Dated. 30-11-2023

**<u>പുനർലേല പരസ്യം</u>**

ഇടുക്കി ജില്ല പോലീസ് മേധാവിയുടെ അധീനതയിൽ ഉപ്പുതറ പോലിസ് സ്റ്റേഷൻ പരിസരത്ത് ജീർണാവസ്ഥയിൽ സ്ഥിതി ചെയ്തിരുന്ന പഴയ കെട്ടിടം പൊളിച്ച് നീക്കിയിട്ടുള്ളതും, ടി കെട്ടിടത്തിൻറെ തടിയുടെ മൂല്യം കേരള സർക്കാരിൽ നിന്നും പുനർ നിർണ്ണയം നടത്തി ലഭിച്ചിട്ടുള്ളതുമാണ്. പ്രസ്തുത തടികൾ 2023 ഡിസംബർ മാസം 19-ആം തീയതി പകൽ 11.30 മണിക്ക് ഉപ്പുതറ പോലീസ് സ്റ്റേഷൻ വളപ്പിൽ വച്ച് പരസ്യമായി ലേലം ചെയ്യുന്നതിനു നിശ്ചയിച്ചിരിക്കുന്നു. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലത്തിൽ നേരിട്ട് ഹജരാകേണ്ടതും, ലേലം തുടങ്ങുന്നതിനു ഒരു മണിക്കൂർ മുൻപ് നിശ്ചിത നിരതദ്രവ്യമായ 5000/-രൂപ (അയ്യായിരം രൂപ) ലേല സ്ഥലത്ത് അടച്ച് രസീത് വാങ്ങേണ്ടാതാണ്. കൂടാതെ സീൽ ചെയ്ത ദർഘാസുകൾ നേരിട്ടോ തപാൽ മാർഗ്ഗമോ നിശ്ചിത നിരതദ്രവ്യമായ തുക അടച്ചതിന്റെ demand draft സഹിതം 17/12/2023 വൈകിട്ട് 5 മണി വരെ പീരുമേട് ഡെപ്യൂട്ടി പോലിസ് സൂപ്രണ്ടിന്റെ കാര്യാലയത്തിൽ സമർപ്പിക്കാവുന്നതാണ്. കൂടാതെ ദർഘാസ് അടങ്ങിയ കവറിനു പുറത്ത് "ഉപ്പുതറ പോലിസ് സ്റ്റേഷൻ പഴയ തടികൾ ലേലം ചെയ്യുന്നതിനുള്ള ദർഘാസ്" എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. ദർഘാസുകൾ നൽകിയിട്ടുള്ളവർ ലേല സമയത്ത് കൃത്യമായി ഹാജരാകേണ്ടതാണ്. പരസ്യ ലേലം അവസാനിച്ചാൽ ഉടൻ ദർഘാസുകൾ തുറക്കുന്നതും, ലേലത്തിലോ ദർഘാസിലോ ഏതിലാണോ തുക കൂടുതൽ ആയതിനു ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തി കൊടുക്കുന്നതാണ്. ലേലം താൽക്കാലികമായി ഉറപ്പിച്ച ഉടൻ തന്നെ ലേല തുകയുടെ പകുതിയും ( നിരതദ്രവ്യം കുഴിച്ച്) 18% GST യും ഉൾപ്പെടെ മുഴുവൻ തുകയുടെ നികുതിയും അടച്ച് രസീത് വാങ്ങേണ്ടതും ബാക്കി തുക ലേലം സ്ഥിരപ്പെടുത്തി ഉത്തരവ് കിട്ടി 10 ദിവസത്തിനകം അടച്ച് സ്വന്തം ചിലവിലും ഉത്തരവാദിത്വത്തിലും തടികൾ നീക്കം ചെയ്യേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ ലേലം / ദർഘാസ് സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ ലേല നിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ അടച്ച തുക സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും, പുനർ ലേലം ചെയ്യുന്നതുമായിരിക്കും. പുനർ ലേലത്തിൽ എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആയതു മുൻ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതും, കൂടുതലായി കിട്ടുന്ന തുകയ്ക്ക് മുൻ ലേലക്കാരൻ അവകാശി ആയിരിക്കുന്നതുമല്ല. മേൽ സൂചിപ്പിച്ച തടികൾ പരിശോധിക്കണമെങ്കിൽ 17/12/2023 വരെയുള്ള ഏതെങ്കിലും പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 4 മണിവരെ ഉപ്പുതറ സ്റ്റേഷൻ ഹൌസ് ഓഫീസറുടെ മുൻകൂർ അനുമതിയോടു കൂടി പരിശോധിക്കാവുന്നതാണ്. യുക്തമെന്നു തോന്നുന്ന പക്ഷം യാതൊരു മുന്നറിയിപ്പോ കാരണമോ കാണിക്കാതെ ലേല തിയതി മാറ്റി വയ്ക്കുന്നതിനും ലേലം/ദർഘാസ് അസ്ഥിരപ്പെടുത്തുന്നതിനോ ഉള്ള പൂർണ്ണ അധികാരം ഇടുക്കി ജില്ല പോലിസ് മേധാവിക്ക് ഉണ്ടായിരിക്കുന്നതാണ്.

VISHNU PRATHEEP T K IPS
District Police Chief

G2-10777/2023/ID

5a8fb0

| | | |
|---|---|---|
| To | : | 1. എല്ലാ ജില്ല പോലീസ് മേധാവിമാർക്കും - അറിവിനും, പരസ്യം നൽകുന്നതിനുമായി. 2. സൂപ്രണ്ട്, സർക്കാർ പ്രസ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം) - പരസ്യം നൽകുന്നതിനായ്. 3. ജില്ല ഇൻഫർമേഷൻ ഓഫീസർ, ഇടുക്കി (ഉപരിപത്രം സഹിതം) - പ്രത പരസ്യം നൽകുന്നതിനായ്. |
| Copy To | : | 1. ഡി.വൈ. എസ്. പി പീരുമേട് , എസ്. .എച്ച്.ഒ ഉപ്പുതറ - അറിവിനും അനന്തരനടപടികൾക്കും, വ്യാപക പരസ്യം നൽകുന്നതിനുമായി. 2. ജില്ലയിലെ എല്ലാ ഓഫീസർമാർക്കും - അറിവിനും, വ്യാപക പരസ്യം നൽകുന്നതിനുമായി. |